"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിതാശിശുവികസന വകുപ്പ്- കേരള വനിതാ കമ്മീഷൻ- ജീവനക്കാര്യം- ഡോ. എസ്. എൽ പ്രതാപൻ, സീനിയർ സൂപ്രണ്ട്-ന്റെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാശിശുവികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.60/2025/WCDD തീയതി,തിരുവനന്തപുരം, 11-02-2025

---

പരാമർശം:-
1. സ.ഉ(സാധാ)നം. 25/2022/വശിവിവ തീയതി. 12/01/2022
2. സ.ഉ(സാധാ)നം. 94/2023/വശിവിവ, തീയതി. 16/02/2023
3. സ.ഉ(സാധാ)നം. 12/2024/വശിവിവ, തീയതി. 06/01/2024
4. കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ കത്ത് നം. A3/131/2022/KWC, തീയതി. 18/11/2024

**<u>ഉത്തരവ്</u>**

കേരള കാർഷിക സർവകലാശാല, തൃശ്ശൂരിൽ സെക്ഷൻ ഓഫീസറായി ജോലി ചെയ്തു വരവെ ഡോ. എസ്. എൽ പ്രതാപനെ പരാമർശം (1) പ്രകാരം കേരള വനിതാ കമ്മീഷനിലെ സീനിയർ സൂപ്രണ്ട് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. പരാമർശം (2) ഉം (3) ഉം പ്രകാരം പ്രസ്തുത അന്യത്രസേവന കാലാവധി ഓരോ വർഷം വീതം ദീർഘിപ്പിച്ചു നൽകുകയുണ്ടായിരുന്നു. തന്റെ അന്യത്രസേവന കാലാവധി 18/01/2025 ന് അവസാനിക്കുന്നതിനാൽ ആയത് ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചു നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ഡോ. എസ്. എൽ പ്രതാപൻ സമർപ്പിച്ച അപേക്ഷ, അദ്ദേഹത്തിന്റെ മാതൃവകുപ്പിൽ നിന്നുള്ള നിരാക്ഷേപപത്രം സഹിതം ശുപാർശ ചെയ്തുകൊണ്ട്, കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറി പരാമർശം (4) പ്രകാരം സർക്കാരിന്റെ അനുമതിയ്ക്കായി ലഭ്യമാക്കിയിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള വനിതാ കമ്മീഷനിലെ സീനിയർ സൂപ്രണ്ട് ഡോ. എസ്. എൽ പ്രതാപന്റെ അന്യത്രസേവന കാലാവധി, കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ

ശിപാർശ പരിഗണിച്ച് അന്യത്രസേവന വ്യവസ്ഥകളുടെ പതിവ് നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി **19/01/2025** മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MANOJ M S**

അണ്ടർ സെക്രട്ടറി

മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള കാർഷിക സർവകാലാശാല, തൃശ്ശൂർ- **680 656 (No Objection Certificate No. KAUGA/4823/2023-GA-A3, dated 30/10/2024** പ്രകാരം)
ഡോ. എസ്. എൽ പ്രതാപൻ, സീനിയർ സൂപ്രണ്ട്, കേരള വനിതാ കമ്മീഷൻ
(മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
വെബ്&ന്യൂ മീഡിയ/ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 11-02-2025 12:39:02